IJCRT.ORG ISSN : 2320-2882
INTERNATIONAL JOURNAL OF CREATIVE RESEARCH THOUGHTS (IJCRT)
An International Open Access, Peer-reviewed, Refereed Journal

# 'പ്ലാനറ്റ് 9' ശാസ്ത്രനോവൽ എന്ന നിലയിൽ

Dr. Remya R.
Assistant Prof. In Malayalam,
Calicut Adarsha Sanskrit Vidyapeetha,
Calicut, Kerala

1930 കളോടെ ആരംഭിച്ച മലയാള ശാസ്ത്രനോവൽ പ്രസ്ഥാനം ഇപ്പോഴും ശൈശവാവസ്ഥയിലാണെന്നു പറയേണ്ടിവരും. അപസർപ്പക നോവലുകൾ, മന്ത്രവാദനോവലുകൾ തുടങ്ങി ഡിക്ടറ്റീവ് നോവലുകൾ വരെ ശാസ്ത്ര നോവലുകളാണ് എന്ന് ഗണിക്കപ്പെട്ടിരുന്നു.എന്നാൽ 19 ആം നൂറ്റാണ്ടിനു ശേഷം ലോകത്തെയാകമാനം മാറ്റിമറിച്ച പുതുജ്ഞാനപരമ്പര- നമ്മൾ സയൻസ് എന്ന് വിളിക്കുന്ന ഭൗതിക ശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തുന്ന- അതിൻറെ തത്വങ്ങളിലൂടെ മുന്നോട്ടുപോകുന്ന ഒരു ഫിക്ഷനെയാണ് സയൻസ് ഫിക്ഷൻ എന്ന് വിളിക്കാറുള്ളത്. ഭാവനാത്മക ലോകം അവതരിപ്പിക്കുമ്പോൾ തന്നെ നിലവിലുള്ള ശാസ്ത്ര സത്യങ്ങളിൽ ഊന്നി അതിനെ അടിസ്ഥാനപ്പെടുത്തി വേണം കഥ മുന്നോട്ടു പോകേണ്ടത്. നിലവിലുള്ള ശാസ്ത്രത്തിനെ അറിയുക മാത്രമല്ല അതിൻറെ സാധ്യതകളിലേക്കും യുക്തിപൂർവ്വമായ ചിന്തകളിലേക്കും വായനക്കാരെ നയിക്കുക എന്നുള്ളതും ശാസ്ത്ര നോവലുകളുടെ ലക്ഷ്യമാണ്. അഥവാ അങ്ങനെയുള്ള നോവലുകളെ ആണ് ശാസ്ത്ര നോവലുകൾ എന്ന് പൊതുവേ വിളിക്കുന്നത്. വൈദേശിക രംഗത്ത് ശാസ്ത്ര സാഹിത്യം വളർച്ചയുടെ പല ഘട്ടങ്ങൾ പിന്നിട്ട്, ചെറുകഥ നോവൽ സിനിമ തുടങ്ങിയ മേഖലകളിൽ പടർന്ന് പന്തലിച്ചു നിൽക്കുന്നു. 1935 മുതൽ 2024 വരെ 25 ഓളം നോവലുകൾ മലയാളത്തിൽ ശാസ്ത്ര നോവൽ എന്ന പരിധിയിൽ ഉൾപ്പെട്ടുകൊണ്ട് ഉണ്ടായിട്ടുണ്ട്. അവയുടെ ക്രമാനുഗതമായ വളർച്ച പരിശോധിച്ചാൽ, ഏറിയും കുറഞ്ഞും ശാസ്ത്രത്തെ അടിസ്ഥാനപ്പെടുത്തി സമൂഹത്തെയും ശാസ്ത്ര സാധ്യതകളെയും അവ ഫലപ്രദമായി കൈകാര്യം ചെയ്തിട്ടുണ്ട് എന്നു നമുക്കു കാണാം. ആ പട്ടികയുടെ ഇങ്ങേ അറ്റത്ത് സ്ഥാനം പിടിച്ചിട്ടുള്ള ഒരു നോവലാണ് പ്ലാനറ്റ് 9. അതിൻറെ ഏറ്റവും വലിയ പ്രത്യേകത തന്നെ അതൊരു എഴുത്തുകാരിയുടേതാണ് എന്നതാണ്. ഈ രംഗത്ത് തികഞ്ഞ കൈയടക്കത്തോടെ ശാസ്ത്ര നോവൽ നിർവചനങ്ങൾക്ക് ഉള്ളിൽ നിന്നുകൊണ്ട് പുതിയ ചിന്തകളെ

പരിപോഷിപ്പിക്കുവാൻ ഈ എഴുത്തുകാരിക്ക് കഴിഞ്ഞിട്ടുണ്ട് എന്നത് സ്തുത്യർഹമാണ്.

ശാസ്ത്രനോവൽ പ്രസ്ഥാനം മലയാളത്തിൽ ആരംഭിച്ചിട്ട് ഒൻപതു പതിറ്റാണ്ടുകൾ പിന്നിട്ടെങ്കിലും അവയുടെ വ്യാപ്തിയേയും സാധ്യതകളേയും കുറിച്ചുള്ള ഗുരുതരമാർന്ന പഠനങ്ങളൊന്നും അധികം ഉയർന്നുവന്നിട്ടില്ല. ആസ്വാദനത്തിനപ്പുറം അവയിലെ ശാസ്ത്ര വിഷയങ്ങളെ വേണ്ടവിധത്തിൽ ശ്രദ്ധിക്കാനോ അവയുടെ ഭാവി സാധ്യതകളെക്കുറിച്ചു ചർച്ച ചെയ്യാനോ നിരൂപകരാരും തയ്യാറായിരുന്നില്ലെന്നു സാരം. 1930-കൾ മുതൽ തുടങ്ങുന്ന മലയാള ശാസ്ത്രനോവൽ ചരിത്രം ഇന്ന് കുറച്ചുകൂടി ജനപ്രിയമാകാൻ തുടങ്ങിയിരിക്കുന്നു. 2000 -ങ്ങൾ മുതൽ കുറച്ചുകൂടി ഗൌരവമുള്ള പ്രമേയങ്ങൾ കൈകാര്യം ചെയ്യാൻ എഴുത്തുകാർ തയ്യാറായതും അതിനാക്കം കൂട്ടിയിട്ടുണ്ട്. എന്നാൽ ശാസ്ത്രനോവലുകൾ എഴുതുമ്പോൾ എഴുത്തുകാരുടെ മുമ്പിലെ ഏറ്റവും വലിയ വെല്ലുവിളി ശാസ്ത്രകാര്യങ്ങൾക്കൊപ്പം നോവലിൻറെ ഭാവനാത്മക പരിസരം നിലനിർത്തി ആസ്വാദ്യത ഒട്ടും ചോരാതെ മുന്നോട്ടു കൊണ്ടുപോകുക എന്നതാണ്. പ്ലാനറ്റ് 9 എന്ന ശാസ്ത്രനോവലിൻറെ കാര്യത്തിൽ അതിൻറെ അവതാരികാകാരൻ പറഞ്ഞതുപോലെ ശാസ്ത്രകാര്യങ്ങൾക്കും കഥയ്ക്കുമിടയ്ക്കുള്ള ഒരു നൂല്പാലത്തിലൂടെ അതിവിദഗ്ദ്ധമായി നടന്നുപോയ എഴുത്തുവൈദഗ്ദ്ധ്യം കാണാം.

പ്ലാനറ്റ് 9 നോവലിലൂടെ....

നോവലിൻറെ കഥാപരിസരം 'സ്പേസ്' ആണ്. മലയാളത്തിൽ ശ്രീ പി. എൻ. കൃഷ്ണൻകുട്ടിയുടെ നോവലുകൾ ബഹിരാകാശ സ്പേസ് സയൻസ് വിദഗ്ദമായി കൈകാര്യം ചെയ്തിട്ടുണ്ട്. വിശാലമായ സ്പേസ്, ബ്ലാക്ക് ഹോൾസ്, ഏലിയൻസ്, ഫോർത്ത് ഡയമൻഷൻ തുടങ്ങി ഒട്ടേറെ ശാസ്ത്രമേഖലകൾ അതിൽ കടന്നുവരുന്നു. എന്നാൽ മായാ കിരണിൻറെ പ്ലാനറ്റ് 9 എന്ന നോവലാകട്ടെ മറ്റൊരു വിധത്തിലാണ് സ്പേസിനെയും ഏലിയൻസിനേയും കൈകാര്യം ചെയ്തിരിക്കുന്നത്.

ഐ എസ് ആർ ഒ, നാസ, സ്പേസ് എക്സ് തുടങ്ങിയ സ്ഥാപനങ്ങളാണ് ഇതിൻറെ കഥാഭൂമിക. വളരെ കുറച്ച് കഥാപാത്രങ്ങളെ വെച്ച് പശ്ചാത്തല വിവരണങ്ങളും മറ്റും കൊണ്ട് സ്പേസ് നമുക്ക് അനുഭവവേദ്യമാക്കുകയാണ് എഴുത്തുകാരി

അച്ഛനും മകനും തമ്മിലുള്ള ഇമോഷണൽ റിവഞ്ച്, പ്രൊഫഷണൽ മഹത്വകാംക്ഷിയിൽ ധാർമികതയുടെ ഇടപെടൽ, ലോകത്തിൻറെ നിലനിൽപ്പിനെ കുറിച്ചുള്ള ആധി ഇവയൊക്കെ ഈ നോവലിൽ കടന്നു വരുന്നു. എന്നാൽ ഏറെ ശ്രദ്ധിക്കപ്പെടേണ്ട ഭാഗം തുടക്കം മുതൽ ഒടുക്കം വരെ ശാസ്ത്ര ലോകത്തുള്ളവർ നടത്തുന്ന ചർച്ചകളാണ്. കഥയുടെ ചുരുളഴിയുന്നത് ചർച്ചകളിലൂടെയാണ്. ശാസ്ത്ര ലോകത്തിലെ വിദഗ്ദ്ധർ നടത്തുന്ന ചർച്ചകളായതുകൊണ്ട് വായനക്കാരെയും കൂടി അതിൻറെ ഭാഗമായി

നിലനിർത്തുക എന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. സാധാരണക്കാരന്റെ ബുദ്ധിക്കും മേലെ പോകുന്ന ചർച്ചകൾ ആണെങ്കിൽ അവിടെ നോവലിന്റെ ആസ്വാദ്യത നഷ്ടപ്പെടും. വായനക്കാർക്ക് വേണ്ടി ശാസ്ത്ര വിദഗ്ദ്ധരെ കൊണ്ട് അടിസ്ഥാന കാര്യങ്ങൾ സംസാരിപ്പിച്ചാൽ അതും യുക്തിക്ക് നിരക്കുന്നത് ആയിരിക്കുകയില്ല. അപ്പോൾ ഇതിനു രണ്ടിലും ഇടയിലൂടെ വളരെ സൂക്ഷിച്ച് കൈകാര്യം ചെയ്യേണ്ട ആ ചർച്ചാ ഭാഗം എഴുത്തുകാരി നന്നായി കൈകാര്യം ചെയ്തിട്ടുണ്ട് എന്ന് തന്നെ പറയേണ്ടിയിരിക്കുന്നു.

അവതാരികയിൽ എഴുത്തുകാരി പറയുന്നതു പോലെ ഭൂമിയിലെ സകല ജീവജാലങ്ങളും ഭൂമിക്ക് ഉണ്ടാകുന്ന, പ്രകൃതിക്ക് ഉണ്ടാകുന്ന ചെറിയ മാറ്റങ്ങൾ പോലും തിരിച്ചറിഞ്ഞു പ്രതികരിക്കാനും രക്ഷപ്പെടുവാനും ഉള്ള അവയുടെ കഴിവ് ഉപയോഗപ്പെടുത്തുന്നു. എന്നാൽ മനുഷ്യനാകട്ടെ അതൊന്നു തിരിച്ചറിയുന്നതു പോലുമില്ല. എവിടെയോ ആ ഒരു ബന്ധം, ആ ഒരു താളം മനുഷ്യന് നഷ്ടപ്പെട്ടിട്ടുണ്ട്. മറ്റു ജീവജാലങ്ങളെ പോലെ നൈസർഗികമായതൊന്നും തന്നെ മനുഷ്യൻ പിന്തുടരുന്നില്ല എന്നതാണ് യാഥാർത്ഥ്യം. ഇരയാകാതെ വേട്ടക്കാരൻ ആയി തുടരുന്ന ബുദ്ധിമാനായ ഒരു ജീവിയാണ് അവൻ. അവൻ മാത്രം ഭക്ഷണം പാകം ചെയ്തു കഴിക്കുന്നു. ഒരു മനുഷ്യ ശിശുവിൻറെ ഗർഭകാലം തൊട്ട് ജനനവും വളർച്ചയും സ്വയം പ്രാപ്തിയും എല്ലാം മറ്റു ജീവികളിൽ നിന്ന് പരിപൂർണ്ണമായി വ്യത്യസ്തമാണ്. പ്രകൃതി നൽകിയ പ്രതിരോധം ശത്രുക്കളിൽ നിന്ന് രക്ഷപ്പെടാൻ മറ്റ് ജീവജാലങ്ങൾ ഉപയോഗിക്കുമ്പോൾ മനുഷ്യനത് തീരെ ഇല്ല എന്നതുതന്നെ അവൻ പ്രകൃതിയിൽ നിന്ന് പണ്ടേക്കുപണ്ടേ അകന്നുപോയതിന്റെ ലക്ഷണമാകാം.

ഇതിനൊക്കെ കാരണമായി നോവലിസ്റ്റ് കണ്ടെത്തുന്നത് വളരെ വിചിത്രമായ ഒരു കാരണമാണ്. ഒരു അന്യഗ്രഹ നാഗരികത മനുഷ്യനെ അല്ലെങ്കിൽ മനുഷ്യൻറെ ആവിർഭാവത്തോടുകൂടി ഭൂമിയെ ആവരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്; ഹാക്ക് ചെയ്തു കഴിഞ്ഞിട്ടുണ്ട് എന്ന് അവർ വിശ്വസിക്കുന്നു. ഇപ്പോൾ മനുഷ്യൻ ഏലിയൻസിനെ ഭയപ്പെടുന്നുണ്ട്. പക്ഷേ സത്യത്തിൽ ഏലിയൻസ് ഇവിടെ കടന്നു കയറിയിട്ടുണ്ട് എന്നതാണ് യാഥാർത്ഥ്യം. കടന്നുകൂടിയവർ മനുഷ്യർ തന്നെയായി നമുക്ക് ചുറ്റും ഉണ്ട് എന്നതാണ് ഈ നോവലിൽ അടങ്ങിയിരിക്കുന്ന പ്രധാന ആശയം.

കഥാപാരിസരത്തിലേക്ക്

ഇടുക്കി ഡാമിന് മുകളിലെ തെളിഞ്ഞ ആകാശത്തിന്റെയും അവിടുത്തെ സെക്യൂരിറ്റിയുടെ ചുമതല വഹിക്കുന്ന മാർക്കോസിന്റെയും സമീപത്തു നിന്ന് നമ്മൾ ഒരു വിഭ്രമകരമായ ദൃശ്യത്തിലേക്ക് ഇറങ്ങിച്ചെല്ലുന്നു. ഇടുക്കി ഡാമിന് മുകളിൽ കുറത്തിമലകൾക്കിടയിൽ വെളിച്ചത്തിന്റെ പാട പോലെ എന്തോ ഒന്ന് ചലിക്കുന്നുണ്ടായിരുന്നു. പെട്ടെന്ന് മാർക്കോസിന്റെ കൺമുന്നിലൂടെ ഡാമിൻറെ ആഴങ്ങളിലേക്ക് എന്തോ ഒന്ന് വന്നു പതിച്ചു.

ഈ ഒരു രംഗം കഴിഞ്ഞതിനുശേഷം എഴുത്തുകാരി നമ്മളെ കൊണ്ടുപോകുന്നത് ശാരദേന്ദു എന്ന ഒരു സൈന്റിസ്റ്റിന്റെ അടുത്തേക്കാണ്. വിക്രം സാരാഭായി സ്പേസ് സെൻററിന്റെ 30 വർഷത്തെ കരിയറിൽ ആദ്യമായി സംഭവിച്ച വിക്ഷേപണ പിശകിനു കാരണം അന്വേഷിച്ചു നടന്ന ഡോക്ടർ ശാരദേന്ദു വൈദ്യപതി എത്തിച്ചേർന്ന നിഗമനം അതു തൻറെ അമിതമായ ആത്മവിശ്വാസം കൊണ്ടുണ്ടായതാണ് എന്നതാണ്. എന്നാൽ അതുമാത്രമല്ല അദ്ദേഹത്തെ അലട്ടിയ കാരണം. ഇസ്രോ(ISRO)യുടെ ഡയറക്ടർ ആയിരുന്ന ജിതേന്ദ്ര ആസാദും അദ്ദേഹത്തിൻറെ ജീനിയസ് ആയ മകൻ സൈന്റിസ്റ്റ് അർജുൻ ജിതേന്ദ്രയും തമ്മിലുള്ള പിണക്കവും അർജുൻ ജിതേന്ദ്രയുടെ സ്ഥാനം ഒഴിഞ്ഞുള്ള പോക്കും ആ സ്ഥാനത്തിനുവേണ്ടി ആഗ്രഹിച്ച താൻ അവരുടെ പിണക്കത്തിൽ മൗനം പാലിച്ചതും എല്ലാം തന്റെ ഈ പരാജയത്തിനുള്ള കാരണമായി ശാരദേന്ദു വിലയിരുത്തുന്നുണ്ട്. 21 വർഷങ്ങൾക്കിപ്പുറം അർജുൻ ജിതേന്ദ്ര ഇന്ന് ഒരു സ്വകാര്യ സ്പേസ് സെൻറർ ആയ സ്പേസ് എക്സിന്റെ ജീവനും ശ്വാസവുമായി മാറിയിരിക്കുന്നു. ഭാരതത്തിനു വേണ്ടി ജോലി ചെയ്യുക എന്ന അച്ഛൻ ജിതേന്ദ്രആസാദിന്റെ ഉപദേശത്തിന് ചെവി കൊടുക്കാതെ സ്പേസ് എക്സിലേക്ക് തന്റെ സ്വതന്ത്രമായ പ്രവർത്തനങ്ങൾക്കു വേണ്ടി പോവുകയായിരുന്നു അർജുൻ. അവിടെ അത്ഭുതങ്ങൾ സൃഷ്ടിച്ച അർജുനെ ശാരദേന്ദു വൈദ്യപതി എന്നും ബഹുമാനത്തോടെയാണ് കണ്ടത്. അവനോട് ക്ഷമ ചോദിക്കുവാനാണ് അവൻറെ ഫോണിലേക്ക് അയാൾ വിളിക്കുന്നതും. സ്ഥാനമാനങ്ങൾ തന്നെ ഭ്രമിപ്പിച്ചിട്ടില്ല എന്നും ആകാശ വിസ്മയങ്ങൾ മാത്രമാണ് തൻറെ കൂട്ടുകാർ എന്നും പറഞ്ഞ് അയാളെ ആശ്വസിപ്പിക്കുന്ന അർജുൻ പക്ഷേ മറ്റു ചില അപകടങ്ങളെ കുറച്ചുകൂടി ശാരദേന്ദുവിനോട് പറയുന്നുണ്ട്. അവധിയിലായിരുന്ന വൈദ്യപതിയോട് തിരികെ ജോലിയിൽ പ്രവേശിക്കുവാൻ പറഞ്ഞ അർജുൻ ഭൂമിക്ക് മുഴുവനായി വന്നുചേർന്ന ഒരു ആപത്തിനെ പറ്റിയും സൂചിപ്പിക്കുന്നു. കഥ പിന്നീട് പോകുന്നത് ഐ.എസ്.ആർ.ഒ, സ്പേസ് എക്സ്, നാസ തുടങ്ങിയ സ്ഥാപനങ്ങളിലെ മുഖ്യശാസ്ത്രജ്ഞന്മാർ ഒരു മീറ്റിങ്ങിനു തയ്യാറാകുന്നതിലേക്കും അവർ ഒരുമിച്ച് ഭൂമിക്ക് നേരെ പാഞ്ഞടുത്തുകൊണ്ടിരിക്കുന്ന ഒരു ആസ്ട്രോ ഹോളോകാസ്റ്റിനെ എങ്ങനെ നേരിടണമെന്ന് ചർച്ച ചെയ്യുന്നതിലേക്കും ആണ്.

മൂന്നുലക്ഷം കിലോമീറ്റർ പെർ സെക്കൻഡിൽ ഭൂമിയോട് അടുത്തുകൊണ്ടിരുന്ന ആ വലിയ ഹോളോകാസ്റ്റ് മെറ്റീരിയലിന്റെ ചെറിയ സാന്നിധ്യം പോലും കാസ്സിനി എന്ന അമേരിക്കൻ ഉപഗ്രഹത്തിന് കണ്ടെത്താൻ കഴിഞ്ഞില്ല എന്നത് അവർക്ക് വിസ്മയകരമായി തോന്നി. ആ വസ്തുവിന്റെ ഇംപാക്ട് ആംഗിൾ 45 ഡിഗ്രി ആയതിനാൽ അത് ഭൂമിയിൽ ഇടിച്ചിറങ്ങുമ്പോൾ ഭൂമിയുടെ ഒരു ഭാഗം മുഴുവൻ ഇല്ലാതാവുക മാത്രമല്ല മറുഭാഗത്ത് അതിൻറെ ഇമ്പാക്ട് ഉണ്ടാവുകയും ചെയ്യും. ചുരുക്കത്തിൽ ഭൂമിയുടെ സർവ്വ നാശമായിരിക്കും ഫലം. അതുകൊണ്ടുതന്നെ പരസ്പര സ്പർദ്ധകൾ മറന്നു ഒരുമിച്ചു കൂടിയ ഈ ശാസ്ത്രജ്ഞന്മാർക്ക് അതതു രാഷ്ട്രത്തലവന്മാരുടെ പ്രോത്സാഹനവും ലഭിക്കുന്നുണ്ട്. ഒരു പൊതു ശത്രുവിനെതിരെ ഒറ്റക്കെട്ടായി നിന്നു പൊരുതുവാൻ

അവർ ഉറപ്പിക്കുന്നു. പക്ഷേ ആരാണ് ഇതിനു പിന്നിൽ അത് കണ്ടെത്താനാണ് ഈ മീറ്റിംഗ്. മീറ്റിങ്ങിന്റെ പ്രാഥമിക കാര്യങ്ങൾ ഡോക്ടർ അർജുൻ തൻറെ സ്പേസ് എക്സ് ഐഡിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. മകൻ ആദി മകൾ നിഹാരിക ഇവർ രണ്ടുപേരും അർജുന്റെ ഐഡിയയിൽ കടന്ന് ആ മെസ്സേജുകൾ വായിച്ചു നോക്കുന്നുണ്ട്. ഒരു സ്വപ്ന ദർശനം പോലെ തനിക്കു മുൻപേ കിട്ടിയ വിവരങ്ങൾ ആണ് താൻ വായിച്ചുകൊണ്ടിരിക്കുന്നത് എന്ന് ആദിക്കു മനസ്സിലാകുന്നു. അവന് ഇത് ആദ്യത്തെ അനുഭവം അല്ല ഈക്യു ഐക്യു ലെവൽ ഒരേ രീതിയിൽ പ്രവർത്തിക്കുന്നതുകൊണ്ട് ചിലർക്ക് നടക്കാൻ പോകുന്ന സംഭവങ്ങൾ നേരത്തെ കാണാൻ കഴിയും എന്ന് ഡോക്ടർമാർ പറഞ്ഞിട്ടുണ്ട്. എങ്കിലും ഈ സംഭവം അവനെ വല്ലാതെ അസ്വസ്ഥനാക്കി. സിയാച്ചിനിലെ മഞ്ഞുവീഴ്ചയും കോവിഡ് പാൻഡമിക്കും ആദി നേരത്തെ തന്നെ സ്വപ്നത്തിൽ കണ്ടിട്ടുണ്ട്. അതുകൊണ്ട് ഈ ഒരു സംഭവം ആദിയിൽ വല്ലാത്തൊരു പരിഭ്രമം ഉളവാക്കി. കൃത്യം 13 ദിവസം കഴിഞ്ഞാൽ സംഭവിക്കാൻ പോകുന്ന എന്തോ ഒരു ദുരന്തം എന്ന് അവൻ മനസ്സിൽ കരുതി അത് നീഹാരികയോട് പങ്കുവയ്ക്കുകയും ചെയ്തു. മീറ്റിങ്ങിലേക്ക് പോകുകയായിരുന്ന അർജുനെ ഫോണിൽ വിളിച്ച് അവൻ കാര്യം ചർച്ച ചെയ്യുന്നു. അർജുൻ അവനോട് തൻറെ ഐഡിയിൽ കടന്ന് ഒരു പിഡിഎഫ് പിൻ ചെയ്ത് വെച്ചിരിക്കുന്നതു വായിച്ചു നോക്കാൻ ആവശ്യപ്പെടുന്നു. അത് അർജുന്റെ മാത്രം കണ്ടെത്തലുകളാണ്. അതിൽ അദ്ദേഹം കൃത്യമായി രേഖപ്പെടുത്തി വെച്ചിരിക്കുന്ന ചിലതുണ്ട്. അത് ഇവയാണ്. ആ ഹോളോകാസ്റ്റ് മൂന്നുലക്ഷം കി.മി പർ സെക്കന്റ് എന്ന തൻറെ വേഗത സ്വയം നിയന്ത്രിച്ചു 18 കിലോമീറ്റർ പെർ സെക്കൻഡിലേക്ക് ചുരുക്കുകയുണ്ടായി. ഒരിക്കലും ഒരു ആകാശ ഗോളങ്ങൾക്കും ഉൽക്കകൾക്കും ഇങ്ങനെ ഒരു സ്വഭാവം ഇല്ല. മാത്രമല്ല അത് കൃത്യമായ ഇടവേളകളിൽ എന്തോ ഒന്ന് ബഹിരാകാശത്തേക്ക് ഇജക്ട് ചെയ്യുന്നുണ്ട്. ശൂന്യാകാശത്തു നിന്ന് എന്തോ ഒന്നിനെ ആകർഷിച്ച് സ്വയം വലിപ്പം കൂട്ടാൻ അതിനു കഴിയുന്നുണ്ട്. സെലസ്റ്റിയൽ ബോഡികളെ നിരീക്ഷിക്കുവാനായി നാസ സ്ഥാപിച്ച ഇൻഫ്രാറെഡ് ക്യാമറകളിൽ ഒന്നും പെടാതെയാണ് അത് ഭൂമിക്കു തൊട്ടടുത്ത് വന്നെത്തിയത്. അതിൽ ആകട്ടെ ശക്തമായ മീഥേന്റെ സാന്നിധ്യം അഥവാ ജീവൻറെ സാന്നിധ്യം വ്യക്തമായിട്ടുണ്ട്. ഇത്രയും കണ്ടെത്തലുകളിൽ (findings) നിന്ന് അദ്ദേഹം എത്തുന്ന നിഗമനം ഏതോ ഒരു ഏലിയൻ സിവിലൈസേഷൻ നിലവിലുണ്ട് എന്നു തന്നെയാണ്.

ഏലിയൻ എന്നു വായിച്ചതും ആദിയുടെ മുഖത്ത് ഒരു പുഞ്ചിരി തെളിയുന്നു. അവൻ തന്റെ കൊഗ്നിഷൻ എക്സ്പീരിയൻസുകളെല്ലാം ഒരു പുസ്തകം ആക്കുമ്പോൾ അതിൽ അവസാനം എഴുതിച്ചേർക്കുന്നത് ഈ ഹോളോ കാസ്റ്റിനെ കുറിച്ചാണ്. പക്ഷേ അവൻ എല്ലാവരിൽ നിന്നും മറച്ചുവയ്ക്കുന്ന മറ്റെന്തോ ഒരു സ്വപ്നാനുഭവം കൂടി ഉണ്ട്. സ്പേസ് എക്സിലെ യുവ ശാസ്ത്രജ്ഞനായ ആദി തൻറെ ഐഡിയിൽ കയറുന്നതും ഇതൊക്കെ അറിയുന്നതും അർജുനും സമ്മതമായിരുന്നു. അർജുൻ ആ മീറ്റിങ്ങിൽ പങ്കെടുത്ത വ്യക്തികളെ അഭിസംബോധന ചെയ്ത് പറയുന്നതും ഞെട്ടിക്കുന്ന ചില കാര്യങ്ങൾ തന്നെയാണ്. അതിൽ ഐ.എസ്.ആർ.ഒയുടെ ഡയറക്ടർ ആയ ഡോക്ടർ ജിതേന്ദ്ര ആസാദ്,

നാസയുടെ ഡയറക്ടർ ആയ വാട്സൺ തുടങ്ങി പല പ്രമുഖരും ഉണ്ട്. ഈ ഫോളോകാസ്റ്റ് ഭൂമിയോട് അടുക്കുന്നതിനും മാസങ്ങൾക്കു മുൻപ് വളരെ ചെറിയ ഒരു വസ്തു ഭൂമിയുടെ അന്തരീക്ഷത്തിനു വളരെ മുകളിൽ തൊട്ടു തൊട്ടില്ല എന്ന മട്ടിൽ കടന്നു പോയത് ആരും ശ്രദ്ധിച്ചിരിക്കില്ല എന്ന കാര്യം ഓർമിപ്പിച്ചു കൊണ്ടാണ് അർജുൻ തൻറെ സംഭാഷണം ആരംഭിക്കുന്നത്. അത് ഒരു മുന്നറിയിപ്പ് ആയിരുന്നിരിക്കണം എന്നദ്ദേഹം പറയുന്നു. മാത്രമല്ല അത് ഭൂമിയെ മൂന്നുവട്ടം ഭ്രമണം ചെയ്യുക കൂടി ചെയ്തിട്ടുണ്ട്. അതിനുശേഷം ഭൂമിയിലെ പല ഭാഗങ്ങളിലും തിരിച്ചറിയാൻ കഴിയാത്ത വിധം ഏതൊക്കെയോ രോഗങ്ങൾ പടർന്നു പിടിച്ചിട്ടുള്ളതിൻറെ റിപ്പോർട്ടും അദ്ദേഹം കാണിക്കുന്നു. പിന്നീട് അദ്ദേഹം ഇതിനെക്കുറിച്ച് ശ്രദ്ധിച്ചു പഠിച്ച ഒരേ ഒരു ശാസ്ത്ര സ്ഥാപനമായ ഐ എസ് ആർ ഒ വിൻറെ ഡയറക്ടർ ജിതേന്ദ്ര ആസാദിനെ കാര്യങ്ങൾ വിശദീകരിക്കുവാൻ ക്ഷണിക്കുന്നു. അച്ഛനും മകനും തമ്മിൽ 25 വർഷങ്ങൾക്കിപ്പുറം സംസാരിച്ചത് എല്ലാവരിലും കൗതുകം ഉളവാക്കി എങ്കിലും എന്തോ ഒരു ആപത്ത് വരാൻ പോകുന്നു എന്ന ചിന്ത എല്ലാവരിലും അസ്വസ്ഥതയും സൃഷ്ടിക്കുന്നുണ്ട്.

ജിതേന്ദ്ര ആസാദ് തൻറെ മകൻറെ തന്മയത്വം നിറഞ്ഞ സംഭാഷണത്തെ ഉള്ളാലെ അഭിനന്ദിച്ചുകൊണ്ട് സ്വയം പ്രഭാഷണത്തിന് തയ്യാറെടുക്കുന്നു. അദ്ദേഹത്തിൻറെ വാക്കുകളിലൂടെ നാസ തുടങ്ങിയ വൻകിട ശാസ്ത്ര സ്ഥാപനങ്ങൾ ശ്രദ്ധിക്കാതെ പോയ ആ ഒരു സംഭവത്തിന്റെ ചുരുളഴിയുകയാണ്. ഈ ഹോളോകാസ്റ്റിന്റെ വിക്ഷേപണത്തിനു മുമ്പായിട്ട് ഒരു ട്രയൽ റണ്ണിങ് എന്ന നിലയിലാണ് ഭൂമിയുടെ അന്തരീക്ഷത്തിന്റെ തൊട്ടു മുകളിൽ വന്ന് ഭ്രമണം ചെയ്തു പോയ എയർ ഷിപ്പിന്റെ ആകൃതിയുള്ള വസ്തുവിനെ അദ്ദേഹം പരിചയപ്പെടുത്തുന്നത്. ആ ഷിപ്പ് ഭൂമിയിലേക്കു വിക്ഷേപിച്ച ചില അണുക്കൾ ആണു പോലും അന്നു പടർന്നു പിടിച്ച തിരിച്ചറിയാൻ കഴിയാത്ത രോഗങ്ങളുടെ കാരണം എന്നുകൂടി അദ്ദേഹം കൂട്ടിച്ചേർക്കുന്നു. മാത്രമല്ല ആ ആ പേടകം സ്വയം ഇവിടെ എത്തിച്ചേർന്നതല്ല എന്നും അതിന് സ്വയം ഭ്രമണം ചെയ്യാൻ കഴിവില്ലായിരുന്നതുകൊണ്ടുതന്നെ അതിൻറെ ചലനം മറ്റാരോ നിയന്ത്രിച്ചതായിരിക്കണം എന്നും അദ്ദേഹം സമർത്ഥിക്കുന്നു. അദ്ദേഹത്തിൻറെ പഠനം വ്യക്തമാക്കുന്നത് വ്യാഴത്തിൻറെ ഉപഗ്രഹമായ, ജീവൻറെ സാന്നിധ്യവും ആകർഷണബലവും ശാസ്ത്രലോകം കണ്ടെത്തിയിട്ടുള്ള ഗ്യാനിമേഡ് അഥവാ പ്ലാനറ്റ് 9 എന്ന വ്യാഴത്തിൻറെ ഉപഗ്രഹത്തിൽ നിന്ന് വിക്ഷേപിക്കപ്പെട്ടവയാണ് ഇവ രണ്ടും എന്നതാണ്. ഒട്ടൊരു പുച്ഛത്തോടു കൂടി ശാസ്ത്രലോകം തള്ളിക്കളഞ്ഞ ഏലിയൻസ് എന്ന സങ്കല്പം ഇവിടെ യാഥാർത്ഥ്യമായതായി അദ്ദേഹം പറയുന്നു. മീതെയ്നിന്റെ സാന്നിധ്യം കണ്ടെത്തിയതും പലയിടങ്ങളിലും ജലത്തിൻറെ സാന്നിധ്യം ഉറപ്പിച്ചതും മറ്റൊരു ജീവ വർഗ്ഗത്തെ തന്നെയാണ് സൂചിപ്പിക്കുന്നത്. ഭൂമിക്ക് മറ്റൊരു കാർബൺ കോപ്പി എന്നോണം മറ്റൊരു ഭൂമിയെ കുറിച്ചും ഒരു മിൽക്കി വേ യെക്കുറിച്ചും ശാസ്ത്രലോകം സാധ്യതകൾ ആരായാൻ തുടങ്ങിയിട്ടും വർഷങ്ങളായി. Kic 8462852 എന്ന നക്ഷത്രത്തിൽ നിന്നും നിഗൂഢമായ ഫ്ലക്കറിങ്ങോടെ ചില പ്രകാശരശ്മികളുടെ സാന്നിധ്യവും മുൻപ് കണ്ടുപിടിക്കപ്പെട്ടിരുന്നു. ഉപയോഗിച്ചുകൊണ്ടിരുന്ന ഊർജ്ജത്തിൻറെ ലഭ്യത

കുറയുമ്പോൾ ഒരു ഗ്രഹത്തിലെ ജീവിവർഗ്ഗം മറ്റ് ഗ്രഹങ്ങളിലേക്കും ബഹിരാകാശത്തിന്റെ മറ്റ് മേഖലകളിലേക്കും ഊർജ്ജം അന്വേഷിച്ച് പോകുന്നതിന്റെ ലക്ഷണം ആകാം ഇത് എന്ന് ശാസ്ത്രലോകം കണ്ടെത്തിയിട്ടുണ്ട്. അതിനുവേണ്ടിയുള്ള ആന്വേഷണങ്ങളാണ് ഈ രശ്മികളുടെ സാന്നിധ്യത്തിനു കാരണം. ഇവയെല്ലാം വിരൽ ചൂണ്ടുന്നത് അന്യഗ്രഹ നാഗരികത ഉണ്ട് എന്നതിലേക്കാണ്. മറ്റൊന്നുകൂടി ജിതേന്ദ്ര പറയുന്നു അവർ മനുഷ്യനു സമാനമായ രൂപം ഉള്ളവർ ആയിരിക്കണം എന്നില്ല അരൂപികളുമാവാം. ഒരുപക്ഷേ അവർ നേരത്തെ തന്നെ ഇവിടം സന്ദർശിച്ചിട്ടുണ്ടാകാം. 'സ്റ്റീഫൻ ഹോക്കിംഗ്സ് എന്ന മഹാനായ ശാസ്ത്രജ്ഞൻ പറഞ്ഞതുപോലെ അവർ എത്തിക്കഴിഞ്ഞു ഇനിയും അവർ എത്തിച്ചേരും ഭൂമിയിൽ സ്വന്തം അധീശത്വം സ്ഥാപിക്കാൻ' എന്നു പറഞ്ഞുകൊണ്ടാണ് ജിതേന്ദ്ര തൻറെ വാക്കുകൾ ഉപസംഹരിക്കുന്നത്. കേട്ടിരുന്ന എല്ലാവരിലും ലജ്ജയും പരിഭ്രമവും ഇനി എന്ത് എന്നുള്ള ചോദ്യവും അവശേഷിപ്പിച്ചു കൊണ്ടാണ് ജിതേന്ദ്ര തൻറെ പ്രസംഗം നിർത്തുന്നത്.

ആദ്യം വന്ന ഒബ്ജക്റ്റ് അതിൻറെ വാലറ്റം മൂന്നായി മുറിച്ച് അതിലൊന്ന് ഇടുക്കി ഡാം, മറ്റൊന്ന് അമേരിക്കയിലെ കൊളംബിയയിലുള്ള ഇടുവാൻകോ പ്രൊജക്ട് സൈറ്റ്, മൂന്നാമത്തേത് ബ്രസീലിലെ സബ്രൂമാൻഡിൻഹോ ഡാം എന്നിവിടങ്ങളിൽ വിക്ഷേപിച്ചതായും കണ്ടെത്തുന്നു. ഈ മൂന്നിടങ്ങളിലാണ് മാരകമായ അജ്ഞാത രോഗം പടർന്നു പിടിച്ചത്. ഈ മൂന്ന് സ്ഥലങ്ങളുടേയും പൊതു ഘടകമായി മനുഷ്യനിർമ്മിതമായ ഡാമും മിനറലുകളുടെ ശേഖരം ഉള്ള അത്യപൂർവമായ ഭൂപ്രകൃതിയും ശാസ്ത്രജ്ഞന്മാർ കണ്ടെത്തുന്നുണ്ട്. അങ്ങനെയെങ്കിൽ ആദ്യം വന്നതും ഇപ്പോൾ വന്ന ഈ ഹോളോ കാസ്റ്റും പ്ലാനറ്റ് 9 ന്റെ ആയുധങ്ങൾ ആകാം എന്നും അവർ അനുമാനിക്കുന്നു. 1990 കളിൽ അമേരിക്കൻ ഉൾനാടൻ ഗ്രാമങ്ങളിൽ ഉണ്ടായ ക്രോപ്പ് സർക്കിൾ ഡിസൈൻസ്, അതുപോലെ പലയിടങ്ങളിലും റിപ്പോർട്ടുകൾ ചെയ്ത യു.എഫ്.ഒ കളുടെ സാന്നിധ്യം ഇവയൊക്കെ വെറും തോന്നലുകളാണ് എന്നു പറഞ്ഞു തള്ളിക്കളഞ്ഞതിനെ അവർ പശ്ചാത്താപത്തോടുകൂടി ഓർക്കുന്നുമുണ്ട്. ബർമുഡ ട്രയാങ്കിൾ, ഏരിയ 51 തുടങ്ങി മനുഷ്യന് എത്തിച്ചേരാൻ സാധിക്കാത്ത പല രഹസ്യങ്ങളും ഏലിയൻ നാഗരികതയുടെ കടന്നുകയറ്റത്തിലേക്കു വിരൽചൂണ്ടുന്നതായി ശാസ്ത്രജ്ഞന്മാർ സംശയിക്കുന്നു.

അന്ന് ബാധിക്കപ്പെട്ട ആ രണ്ടു ഡാമുകളും തകർക്കപ്പെടുകയും അവിടുത്തെ ഭൂപ്രകൃതിയിലും മണ്ണിൻറെ സവിശേഷതയിലും മെറ്റീരിയൽ ഡെപ്പോസിറ്റുകളിലും മാറ്റം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. അതിന് കൃത്രിമമായി കാലം തെറ്റി ഉണ്ടാക്കപ്പെട്ട മഴയും ചുഴലിക്കാറ്റുമാണു കാരണം എന്നും കണ്ടെത്തിയിട്ടുണ്ട്. പക്ഷേ ഇത് ഉണ്ടാക്കുന്നവരെയോ നിയന്ത്രിക്കുന്നവരെയോ അതു എന്തിനുവേണ്ടിയാണ് എന്നോ ഭൂമിയുടെ വിവരങ്ങൾ അവരിലേക്ക് കൃത്യമായി എങ്ങനെ എത്തുന്നു എന്നോ വിശദീകരിക്കാൻ ആദിത്യക്കോ അർജുനനോ മറ്റു ശാസ്ത്രജ്ഞർക്കോ കഴിയുന്നില്ല. അവർ അതിനുവേണ്ടിയുള്ള നിതാന്ത പരിശ്രമത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. ശാസ്ത്ര ലോകത്തിലെ ചർച്ചകളിലൂടെ മാത്രമല്ല അർജുന്റെ വീട്ടിൽ നിഹാരികയും ആദിത്യയും

തമ്മിലുള്ള സംഭാഷണങ്ങളിലും നിറഞ്ഞു നിൽക്കുന്നത് ഈ ഹോളോ കാസ്റ്റും ശാസ്ത്ര വസ്തുതകളുമാണ്.

ഉഴുതുമറിക്കപ്പെട്ട നിലയിൽ തകർക്കപ്പെട്ട ആ രണ്ടു ഡാമുകളിലും പ്രകൃതി ആകെ മാറുകയും റേഡിയോ ആക്ടിവിറ്റി കൂടുതലുള്ള, മനുഷ്യൻറെ സ്പിരിചാലിറ്റിയുമായി ബന്ധമുള്ള രണ്ടു രത്നങ്ങളുടെ സാന്നിധ്യം സ്ഥിരീകരിക്കുകയും ചെയ്തിട്ടുള്ളതായി ആദിത്യൻ നിഹാരികയോടു പറയുന്നു. ഈ നിരീക്ഷണങ്ങൾ കേട്ടുകൊണ്ടിരിക്കുന്ന അർജുനനെയും നമുക്കു കാണാം. ബ്രസീലിൽ നിന്ന് സയാട്രിൻ എന്ന രത്നവും കൊളംബിയയിൽ നിന്ന് കാട്രിയം എന്ന രത്നവുമാണ് ലഭിച്ചത്. രണ്ടിനും മനുഷ്യൻറെ മനസ്സിനെയും ആത്മീയതയേയും നിയന്ത്രിക്കാനുള്ള കഴിവുണ്ട് എന്നു വിശ്വസിക്കപ്പെടുന്നു. ഇടുക്കിയിൽ ആകട്ടെ റുബീനിയം എന്ന രത്നത്തിൻറെ സാന്നിധ്യമാണ് കൂടുതലുള്ളത്. ഇത്തരം റെയർ എലമെൻറ്സ് കൂടുതലുള്ള സ്ഥലം നോക്കിയാണ് ഈ അസ്ട്രോ ഹോളോകാസ്റ്റിന്റെ വരവ് എന്നതാണ് അവനെ അതിശയിപ്പിച്ചത്. അതിൻറെ പിന്നിൽ മറ്റെന്തോ കാരണം കൂടിയുണ്ട് എന്ന് ആദി വിശ്വസിക്കുന്നു. ഈ രത്നങ്ങളു കോമ്പിനേഷൻ ഒരുപക്ഷേ മറ്റെന്തെങ്കിലും നേട്ടത്തിലേക്ക് വഴിതെളിക്കുന്നുണ്ടാകാം എന്ന് ആദി സംശയിക്കുന്നു. വാസയോഗ്യമായ അന്യഗ്രഹം തേടി വന്നവരാണ് അവർ എങ്കിൽ ഇവിടം വാസയോഗ്യമായി എടുക്കുകയാണ് ആദ്യം ചെയ്യുക. ഇവിടെ ഇപ്പോൾ സംഭവിച്ചത് ഇത്തരം രത്നങ്ങളുടെ ആവിർഭാവവും ഒപ്പം ഇതുവരെ ഭൂമിയിൽ കണ്ടെത്തിയിട്ടില്ലാത്ത അണുക്കളുടെ സാന്നിധ്യവും ആണ്. അതൊക്കെ ഈ പ്രദേശത്തെ ഒറ്റപ്പെടുത്തി എടുക്കുവാനുള്ള തന്ത്രമായിട്ട് ആദി കണക്കാക്കുന്നു. അതുകൊണ്ട് അവർക്ക് ആവശ്യമായ വസ്തുക്കളിലേക്കും അതിൻറെ സാഹചര്യങ്ങളിലേക്കും ഭൂമിയെ എത്തിക്കുക മാത്രമാണ് അവരുടെ ലക്ഷ്യം എന്ന് ആദി പറയുന്നു. ഇവിടെനിന്ന് ഈ രത്നങ്ങളെയല്ല പകരം അവ ഉപയോഗിച്ചുകൊണ്ട് എന്തൊക്കെയോ ഇൻഫർമേഷനുകളാണ് അവർ കൊണ്ടുപോകാൻ സാധ്യത എന്നും ആദി കൂട്ടിച്ചേർക്കുന്നു. അവന്റെ ഈ കണ്ടെത്തലുകൾ വെറും ഭാവനാസൃഷ്ടി അല്ല പകരം കിറുകൃത്യമായ തെളിവുകളുടെ അടിസ്ഥാനത്തിലാണെന്നും മനസ്സിലാക്കിയ അർജുൻ മകന്റെ കഴിവിൽ അഭിമാനിക്കുകയും അമ്പരക്കുകയും ചെയ്യുന്നു.

അതിനു തെളിവായിട്ട് ആദി അർജുനു മുന്നിൽ വയ്ക്കുന്നത് ഏലിയൻസിന്റെ ഹോളോകാസ്റ്റിനാൽ നിക്ഷേപിക്കപ്പെട്ട രണ്ടു വസ്തുക്കളിലും കണ്ടെത്തിയ, ഡിഎൻഎ ലൈബ്രറിയായി പ്രവർത്തിക്കുന്ന അണുക്കളെയാണ്. അണുബാധ ഏറ്റവരിൽ മ്യൂട്ടേഷനും ഡിഎൻഎ ചേഞ്ചും ഉണ്ടാക്കുവാൻ കഴിവുള്ള ആ അണുക്കൾ തീർച്ചയായും സന്ദേശ വാഹകരോ സ്പൈ ബയോ വെപ്പണോ (ചാരപ്രവർത്തകരായ ജൈവായുധം) തന്നെയാണ്.

ഖസാക്കിസ്ഥാനിലെ ജനവാസമില്ലാത്ത പ്രദേശത്തുനിന്നു കണ്ടെത്തിയ പെന്റഗ്രാമും അവിടെത്തന്നെയുള്ള ഒരു മരുഭൂമിയിൽ കണ്ടെത്തിയ സ്വസ്തിക രൂപവും മനുഷ്യനിർമ്മിതമല്ല എന്നുള്ളതും ഇവിടം ഒരു ഏലിയൻ

സിവിലൈസേഷൻ ബാധിക്കാൻ തുടങ്ങിയിട്ടുണ്ട് എന്നതിന്റെ തെളിവായി അവൻ നിരത്തുന്നു

ആ സന്ദേശ വാഹകരായ അണുക്കളുടെ ഡിഎൻഎ ലൈബ്രറിയെ ഡീകോഡ് ചെയ്യാനും പുനർ നിർമ്മിക്കുവാനും ഉള്ള പ്രവർത്തനങ്ങൾ ഇന്ത്യയിലെയും അമേരിക്കയിലെയും മറ്റ് പല ഭാഗങ്ങളിലേയും സൈൻറിസ്റ്റുകൾ ശ്രമിച്ചുകൊണ്ടേയിരിക്കുന്നു. അതിന്റെ ഡീക്കോഡിങ്ങും എൻകോഡിങ്ങും (de coding and encoding) നടന്നു കഴിഞ്ഞാൽ ആ ഡിഎൻഎ വഴി എങ്ങനെയാണ് എവിടേക്കാണ് മെസ്സേജുകൾ ട്രാൻസ്മിറ്റ് ചെയ്യപ്പെടുക എന്നു കണ്ടെത്താൻ കഴിയും. അതിൻറെ ഭാഗമായി നടന്ന പഠനങ്ങളിലൂടെ ഈ ജീൻ മ്യൂട്ടേഷൻ നടന്ന ചില ആളുകളിൽ സാധാരണ മനുഷ്യൻറെ ശരീരത്തിലുള്ളതിനേക്കാൾ കൂടുതൽ ഹൈ വോൾട്ടേജ് പവർ കണ്ടെത്തി. അവരിൽ നിന്നും ഒരു പ്രത്യേക തരം തരംഗങ്ങൾ ഇൻഫർമേഷനുകളായി സഞ്ചരിക്കുന്നതായും കണ്ടെത്താൻ കഴിഞ്ഞു. ഭൂമിയിൽ മനുഷ്യൻ യന്ത്രങ്ങൾ വഴി ഇൻഫർമേഷൻ കൈമാറ്റം ചെയ്യുമ്പോൾ അവർ ഒരു ജീവിയെ തന്നെ അതിനുവേണ്ടി ഉപയോഗിക്കുന്നു എന്ന കണ്ടെത്തൽ അന്യഗ്രഹ നാഗരികത എത്രമാത്രം വികസിച്ചു എന്ന് മനസ്സിലാക്കാൻ പോന്നതായിരുന്നു.

ഇത്തരം കണ്ടെത്തലുകളുടെ ചർച്ചയ്ക്കായി വിവിധ രാജ്യങ്ങളിലെ ശാസ്ത്രജ്ഞന്മാരും ശാസ്ത്ര മേഖലയിൽ ഉള്ളവരും മൂന്നാമത്തെയും അവസാനത്തെയും വെർച്ചൽ മീറ്റിംഗ് നടത്തുന്നു. അതിൽ ജനറ്റിക് എൻജിനീയറിങ് ഡിപ്പാർട്ട്മെന്റിലുള്ളവരും ഉണ്ടായിരുന്നു. ഡോക്ടർ റൈഹാൻ, ഡോക്ടർ ഫിലിപ്പ്, മിസ് അനീറ്റ, ജനറ്റിക് ഫീൽഡ് പ്രൊഫസർ അനാമിക എന്നിവരുടെ സാന്നിധ്യം പ്രത്യേകം ശ്രദ്ധിക്കപ്പെടുകയും ചെയ്തു. അനാമിക എന്ന എന്ന പേര് കേട്ട ഉടൻതന്നെ വീഡിയോ കോൺഫറൻസ് കണ്ടുകൊണ്ടിരുന്ന ആദിക്ക് വല്ലാതെ പരിഭ്രമം ഉണ്ടായതായി നീഹാരിക ശ്രദ്ധിക്കുന്നുമുണ്ട്. മീറ്റിംഗ് ആരംഭിക്കുന്നു. തന്റെ ഡിപ്പാർട്ട്മെന്റിന്റെ കണ്ടെത്തലുകൾ മിസ്സ് അനീറ്റ വിശദീകരിക്കുന്നതിലൂടെ ശാസ്ത്രജ്ഞന്മാർക്ക് കാര്യങ്ങൾ ഏകദേശം പിടി കിട്ടുന്നു. അജ്ഞാത രോഗബാധിതരായ 18 പേരിൽ നിന്നും ജനിതക പരിശോധനയിൽ നിന്ന് ലഭിച്ച റിസൾട്ട് ആണ് അവർ അവതരിപ്പിച്ചത്. രോഗബാധിതരായി ജീൻ എഡിറ്റിംഗ് സംഭവിച്ച അവർ ഒരു സിസ്റ്റത്തിനും ഡിറ്റക്ട് ചെയ്യാൻ കഴിയാത്തത്ര കുറഞ്ഞ ആവർത്തിയുള്ള തരംഗങ്ങൾ വഴി മറ്റേതോ ഒരു എക്സ്ട്രാ ടെറസ്ട്രിയൽ വേൾഡുമായി ആശയവിനിമയം ചെയ്തുകൊണ്ടേയിരിക്കുന്നു എന്ന് അവർ കണ്ടെത്തി. ഈ കമ്മ്യൂണിക്കേഷൻ ഒരു ദിവസം ഒന്നോ രണ്ടോ തവണ അതും അവരുടെ ശരീരം പൂർണ്ണമായും ശാന്തമായിരിക്കുമ്പോൾ അഥവാ ഉറങ്ങുമ്പോൾ മാത്രമാണ് സംഭവിക്കുന്നത്.

തികച്ചും ആക്റ്റീവ് ആയിരിക്കുന്ന സമയങ്ങളിൽ അഡ്രിനാലിൻ എന്ന ഹോർമോണിന്റെ സാന്നിധ്യം ഈ തരംഗങ്ങളുടെ പ്രവർത്തനത്തെ കുറയ്ക്കുന്നതായും അവർ കണ്ടെത്തി. ഉറങ്ങുന്ന സമയത്തുള്ള ഈ ആശയവിനിമയം അതത് സന്ദേശവാഹകർ കൂടി അറിയുന്നില്ല എന്നുള്ളതും ഒരു

വാസ്തവമാണ്. അത് മാത്രമല്ല ഇതിനുമുമ്പും ഇത്തരം ജനറ്റിക് ഡീകോഡിങ്ങും ആശയവിനിമയവും നടന്നിട്ടുള്ളതായും ജനിതക വിദഗ്ധ അഭിപ്രായപ്പെടുന്നു. ഇതിൽനിന്നും അവർ എത്തിച്ചേർന്ന കൺക്ലൂഷൻ നമ്മുടെ ഭൂമി ഇപ്പോൾ മറ്റൊരു ലോകത്തിൻറെ നിയന്ത്രണത്തിലേക്ക് അടുക്കുന്നു എന്നുള്ളതാണ്. അത് ആ ശാസ്ത്രജ്ഞരെ വല്ലാത്തൊരു ആശയക്കുഴപ്പത്തിലേക്ക് എത്തിക്കുന്നു. ഷിവാസ് 2 എന്ന് WHO പേരിട്ട ബാക്ടീരിയൽ ട്രൈസ് ഇപ്പോൾ വന്ന ഈ ടെറസ്ട്രിയൽ ഹോളോ കാസ്റ്റിനു മുൻപു വന്ന വാഹനങ്ങളിലും ഒരുപോലെ കണ്ടെത്തി എന്നുള്ളതാണ് ഇത്തരം ഒരു നിരീക്ഷണത്തിലേക്ക് അവരെ കൊണ്ടുചെന്ന് എത്തിച്ചത്. മാത്രമല്ല ഇതിൻറെ സാന്നിധ്യം ഈ രോഗബാധയേറ്റ എല്ലാവരിലും ഉണ്ടായിരുന്നതാണ്

ഭൂമിയിൽ ഈ ഇടയായി നടന്നുകൊണ്ടിരിക്കുന്ന ഒരു കാരണവും പ്രത്യേകിച്ച് കണ്ടെത്താൻ കഴിയാത്ത പേമാരിയും സൈക്ലോണുകളും ഗ്ലോബൽ വാമിങ്ങും എല്ലാം മനുഷ്യന്റെ ഇടപെടൽ മൂലം മാത്രമല്ല ഉണ്ടായതെന്നും അത് ബാഹ്യമായ ശക്തിയാൽ നിർമ്മിതമാണെന്നും ഒരു ശാസ്ത്രജ്ഞ അവർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട് ഇതൊക്കെയും വിരൽ ചൂണ്ടുന്നത് ഗ്യാനിമേഡ് എന്ന പ്ലാനറ്റ് 9 നെ തന്നെയാണ്.

ഇത്തരത്തിൽ ആ മീറ്റിംഗ് പുരോഗമിക്കുന്നതിനിടയ്ക്ക് അർജുന്റെ ഫോണിലേക്ക് ആദിയുടെ ഒരു സന്ദേശം എത്തിച്ചേരുന്നു. മിത്രങ്ങൾക്കിടയിൽ ശത്രുവിനെ കാണാൻ കഴിയില്ല എന്നുള്ള ആ സന്ദേശത്തിൽ ദുരൂഹത തോന്നിയ അർജുൻ തൻറെ സംഭാഷണത്തെ ഇടയ്ക്കു വച്ച് നിർത്തി മൈക്ക് ഓഫ് ചെയ്തതിനുശേഷം ആദിയെ വിളിക്കുന്നു. അനാമിക എന്ന് പേര് തൻറെ സ്വപ്നദർശനത്തിൽ ഉണ്ടായിരുന്നു എന്നും വിശദാംശങ്ങൾ പിന്നീടു പറയാം എന്നും അവൻ അച്ഛനെ അറിയിക്കുന്നുണ്ട്. അതിൽ എന്തെങ്കിലും കാര്യം ഉണ്ടാകും എന്ന് മനസ്സിലാക്കിയ അർജുൻ ആശയക്കുഴപ്പത്തോടെയാണ് പിന്നീട് സംസാരിച്ചു തുടങ്ങുന്നത്.

ഡോക്ടർ സുഹറയുടെ കണ്ടെത്തൽ അനുസരിച്ച് മൂന്ന് ദിവസങ്ങളായി മറ്റേതോ ലോകത്ത് നിന്നുംമുള്ള ദുരൂഹമായ ഇൻഫ്രാറെഡ് നിർദ്ദേശങ്ങൾ ഈ ഭൂമിയിൽ എത്തുകയും ആ സമയത്തൊക്കെയും ഈ പറഞ്ഞ മൂന്ന് ഡാമിന്റെയും പരിസരങ്ങളിൽ ശക്തമായ മഴ പെയ്യുകയും പ്രളയം ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. അതിന്റെ പരിണിതഫലമായിട്ടാണ് ബ്രസീലിലെ ഡാം തകരുന്നത്. സയാട്രിൻ കാട്രിയം റുബീനിയം എന്നീ മൂന്നു റെയർ മെറ്റീരിയൽസ് നൈസർഗികമായി ഭൂമിയിൽനിന്ന് നിർമ്മിച്ചെടുക്കാൻ വേണ്ടി സൃഷ്ടിക്കപ്പെട്ട ദുരന്തങ്ങൾ ആയിരുന്നു അത് എന്ന് ജിതേന്ദ്ര ആസാദ് കണ്ടെത്തുന്നു. അതുമാത്രമല്ല റൊമാനിയയിലെ സീറോ ഡിപ്പാർട്ട്മെന്റിന്റെ കണ്ടെത്തലിൽ റൊമാനിയയിലെ ബൊസൈറ്റി മൗണ്ടെൻസിന് അടിയിലുള്ള നിഗൂഢമായ ഭൂഗർഭ ചേമ്പർ ഏലിയൻസിന്റെ ഹബ്ബ് ആണെന്നുള്ള രീതിയിൽ റിപ്പോർട്ട് വന്നിരുന്നു. അവരാണ് ഇതൊക്കെ നിയന്ത്രിക്കുന്നത് എന്നും അവർ കണ്ടെത്തുന്നു. ഇപ്പോഴുള്ള ഹോളോകാസ്റ്റിന്റെ നിയന്ത്രണവും അവിടന്നാണ് സംഭവിക്കുന്നത് എന്നും അവർക്ക് മനസ്സിലാക്കുന്നു. ഇത്തരത്തിൽ മനുഷ്യന് എത്തിച്ചേരാൻ കഴിയാത്ത

നിഗൂഢമായ പലയിടങ്ങളും അവരുടെ നിയന്ത്രണത്തിൽ ആയിക്കഴിഞ്ഞു എന്നും അവർ പറയുന്നുണ്ട്. ഈ ദുരന്തങ്ങൾ വരുത്തിവെച്ച സിഗ്നൽ ബൂസ്റ്റിന്റെ ഉറവിടവും റൊമാനിയയിലെ മൗണ്ടനാണ് എന്ന് അവർക്ക് പിടികിട്ടുന്നു.

ഡോക്ടർ ജിതേന്ദ്രയുടെ ഈ കണ്ടെത്തലുകൾ അനാമികയിൽ വല്ലാത്ത അസ്വസ്ഥതയായി പടർന്നു പിടിക്കുന്നത് അർജുൻ ശ്രദ്ധിച്ചു. അദ്ദേഹത്തിന്റെ സന്ദേശം അനാമികയുടെ തൊട്ടടുത്തിരുന്ന അനീറ്റയുടെ ഫോണിലേക്ക് എത്തിച്ചേരുന്നു. അനീറ്റ ആ ചർച്ചയിൽ നിന്ന് പുറത്തേക്കു നടക്കുന്നു. സംഭാഷണം പിന്നെയും തുടരുകയാണ്. ഈ പറഞ്ഞ റെയർ എർത്ത് മൂലകങ്ങൾ നിർമ്മിക്കുവാൻ ആദ്യത്തെ രണ്ടെണ്ണത്തിനും മനുഷ്യ ഫോസിലുകൾ ആവശ്യമാണെന്നും അതിനുവേണ്ടിയാണ് ഒരു പ്രളയം സൃഷ്ടിക്കപ്പെട്ടതെന്നും മനുഷ്യനെ കൂട്ടമായി അതിൽ ഉൾപ്പെടുത്തിയതെന്നും കണ്ടെത്തുന്നു. ഈ മൂലകങ്ങൾ നിർമ്മിക്കപ്പെടുന്നതും നിക്ഷേപിക്കപ്പെടുന്നതും ഭൂമിയുടെ മാന്റിലിൽ ആണെന്നും അതുവഴിയുള്ള ഒരു ടണൽ ഏലിയൻസിന്റെ കേന്ദ്രമാണെന്നു കൂടി അവർ നിരീക്ഷിക്കുന്നുണ്ട്. ഇനി ഇടുക്കിയിലെ റുബീനിയത്തിന്റെ നിർമ്മാണം ഒരു ശക്തമായ ബാഹ്യ മർദ്ദത്തോടുകൂടിയേ സംഭവിക്കൂ എന്നുള്ളതുകൊണ്ട് ഈ ഹോളോകാസ്റ്റ് അതിനുവേണ്ടി നിർമ്മിക്കപ്പെട്ടതാണ് എന്നുള്ള നിഗമനവും അദ്ദേഹം പങ്കുവെക്കുന്നുണ്ട്. ഇതിന്റെയൊക്കെ പിന്നിൽ ഭൂമിയുടെ അധീശത്വം തന്നെയാണ് അവർ ലക്ഷ്യമാക്കുന്നത് എന്നുകൂടി ജിതേന്ദ്ര പറഞ്ഞു നിർത്തുന്നു.

എന്നാൽ അപ്രതീക്ഷിതമായി അനാമിക സംസാരിച്ചു തുടങ്ങുന്നു. നിങ്ങളുടെ ഈ കണക്കുകൂട്ടലുകൾ സത്യമാണെന്നും ഈ അപൂർവയിനം മെറ്റീരിയലുകൾ എന്തിനാണ് ഉപയോഗിക്കുന്നത് എന്നും നിങ്ങളുടെ സംശയങ്ങൾക്കുള്ള മറുപടി എന്താണ് എന്നും തനിക്കു മാത്രമാണ് ഇവിടെ പറയാൻ സാധിക്കുക എന്ന് അവർ പറയുന്നു. ഇപ്പോൾ താനത് പറഞ്ഞില്ല എങ്കിൽ തനിക്ക് പിന്നീട് ഒരിക്കലും പറയാൻ കഴിയില്ല എന്നും അവർ കൂട്ടിച്ചേർക്കുന്നുണ്ട്. മറ്റേതോ ഒരു ലോകത്തിൻറെ സ്വാധീനത്തിൽ ജീവിക്കുന്നു എന്ന് നിങ്ങൾ സംശയിച്ച മനുഷ്യരിൽ ഒരാളാണ് താൻ എന്നവർ തുറന്നു പറയുന്നു. ഈ തുറന്നു പറച്ചിൽ അർജുന്റെ മനസ്സിൽ ആദിയോടുള്ള സംഭാഷണത്തെയാണ് ഓർമ്മപ്പെടുത്തുന്നത്. ജീനോം ഡീകോഡിങ് അറിയാമായിരുന്ന തനിക്ക് തൻറെ ഉള്ളിൽ നടക്കുന്ന മാറ്റങ്ങളെ സംശയത്തോടെ മാത്രമേ കാണാൻ സാധിച്ചിരുന്നുള്ളൂ. മാത്രമല്ല ക്യാൻസർ പോലുള്ള ഒരു രോഗം ബാധിച്ചിട്ടും അതിൻറെ മാറ്റമല്ല തൻറെ ശരീരം കാണിച്ചത് എന്നത് അവരെ അത്ഭുതപ്പെടുത്തി. അതുകൊണ്ട് അവർ ജനിതക സ്ക്രീനിങ്ങിന് വിധേയയായി. അവരെ സഹായിച്ച ഡോക്ടർ റിപ്പോർട്ട് കൈമാറുന്നതിന് മുമ്പ് മരിച്ചു പോവുകയാണുണ്ടായത്. അതുകൊണ്ട് അവർ സ്വയം ഒരു സ്ക്രീനിങ്ങിന് തയ്യാറെടുത്തു. തന്റെ ജൂനിയർ സ്റ്റുഡൻസിന്റെ സഹായത്തോടെ അവർ അത് സാധിച്ചെടുത്തു. പ്രത്യേകിച്ച് ഉറങ്ങുന്ന സമയത്ത് തന്റെ മനസ്സ് മറ്റെന്തോ ഒന്നുമായി കമ്മ്യൂണിക്കേറ്റ് ചെയ്യുന്നതായി അവർക്ക് അനുഭവപ്പെട്ടിരുന്നു. വിചിത്രമായ സ്വപ്നങ്ങൾ കാണുന്നതുപോലെയാണ് അവർക്ക് ആദ്യം തോന്നിയത്. ഉറങ്ങുന്ന സമയത്ത് ആ

സ്വപ്നങ്ങളെ ഡീകോഡ് ചെയ്തു വായിക്കുവാനും അവർക്കു കഴിഞ്ഞു. ഈ രണ്ടു പരീക്ഷണങ്ങളും ചെന്നെത്തിയത് ഉറങ്ങുന്ന സമയത്ത് അവർ മറ്റൊരു ഗ്രഹവുമായി, മറ്റൊരു നാഗരികതയുമായി കമ്മ്യൂണിക്കേറ്റ് ചെയ്യുന്നു എന്നുള്ള കാര്യത്തിലേക്കാണ്. അവരുടെ മനസ്സിനെ നിയന്ത്രിച്ചുകൊണ്ട് ഉറക്കത്തിൽ, കൂടുതൽ അതിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുവാൻ അനാമിക കഴിയുന്നു. അവരുടെ മുന്നിൽ തുറക്കുന്നത് പ്ലാനറ്റ് നയൻ എന്ന ഐസ് മൂടിയ ഗ്രഹവും അതിൻറെ നിയന്ത്രണത്തിലുള്ള ഭൗമ ഹബ്ബുകളും ആണ്. ഇതിൽ ഒന്നും തന്നെ അവർ ഒരു ഏലിയൻ സാന്നിധ്യവും നേരിട്ട് കാണുന്നില്ല. അരൂപികളായ അവരുടെ നിയന്ത്രണം തിരിച്ചറിയുന്നുണ്ടുതാനും. ഇതെല്ലാം തുറന്നു പറഞ്ഞുകൊണ്ട് വർഷങ്ങൾക്ക് മുൻപുതന്നെ ഭൂമി അവരുടെ താവളമായിട്ടുണ്ട് എന്നും പൂർണമായ അധീശത്വമാണ് അവർ ആഗ്രഹിക്കുന്നത് എന്നും ഇപ്പോൾ ലഭിച്ച 3 മൂലകങ്ങൾ ഉൾപ്പെടെ 14 മൂലകങ്ങൾ അവർക്ക് ഇവിടെ സ്വാധീനം സ്ഥാപിക്കാനുള്ള ഇന്ധനങ്ങളായി ഉപയോഗിക്കപ്പെടും എന്നും അതിനുവേണ്ടിയുള്ള തന്ത്രപ്പാടിലാണ് ഇപ്പോൾ അവർ ഉള്ളതെന്നും അനാമിക കൂട്ടിച്ചേർക്കുന്നു. തനിക്ക് താൻ തന്നെ അനുവദിച്ച 60 മിനിറ്റുകൾ കഴിഞ്ഞു എന്നു ബോധ്യപ്പെട്ട അനാമിക സ്ക്രീനിൽ നിന്ന് പൊടുന്നനെ അപ്രത്യക്ഷമാവുകയാണ് ഉണ്ടായത്. അവർ ആഗ്രഹിച്ചപ്പോൾ സംസാരിച്ചു തുടങ്ങിയതും യാതൊരു സെറ്റിംഗ്സുകളും ഇല്ലാതെ മറ്റു പ്രമുഖന്മാരുടെ മൈക്രോ ഫോണുകൾ സ്വയം ഓഫ് ആയതും അവർ മനസ്സിൽ സംസാരിക്കണം എന്ന് വിചാരിച്ചപ്പോൾ ഓൺ ആയതും ഏവരെയും ഞെട്ടിക്കുന്ന സംഭവം തന്നെ ആയിരുന്നു. അനാമികയുടെ തുറന്നുപറച്ചലുകളാകട്ടെ കുറേ നേരത്തേക്ക് അവരെ വല്ലാത്തൊരു പരിഭ്രമത്തിലേക്ക് വലിച്ചിട്ടു.

പൊടുന്നനെ മീറ്റിംഗ് സമാപിച്ചു എങ്കിലും അർജ്ജുനും വാട്സനും വിരലിലെണ്ണാവുന്ന മറ്റ് പ്രമുഖരും മീറ്റിംഗ് തുടർന്നു. അവരുടെ കണക്കുകൂട്ടലുകൾ പ്രകാരം പണ്ടു വിക്ഷേപിക്കപ്പെട്ട ഇൻസാറ്റ് ഒന്ന് ഡി കൊണ്ട് ഈ ഹോളോക്രാസ്റ്റിനെ സ്ഫോടനത്തിനു വിധേയമാക്കാം എന്നുള്ളതായിരുന്നു. ഇൻസാറ്റ് ഒന്ന് ഡി സൗരോർജ്ജം ഉപയോഗിച്ചാണ് പ്രവർത്തിച്ചിരുന്നത് എങ്കിലും ഏതെങ്കിലും കാരണവശാൽ അത് ഉപയോഗിക്കാൻ പറ്റാത്ത വിധമായാൽ സെക്കൻഡറി ഓപ്ഷനായിട്ട് പ്ലൂട്ടോണിയം എന്ന ഐസോടോപ്പിനെ അർജുന്റെ ടീം അതിൽ ഉൾപ്പെടുത്തിയിരുന്നു. അത് ഇതുവരെയും ഉപയോഗിക്കേണ്ടി വന്നിട്ടില്ലാത്തതിനാലും അതിനെ ഉത്തേജിപ്പിച്ച് ഒരു സ്ഫോടനം സാധ്യമായതിനാലും അവർ തങ്ങളുടെ പ്ലാൻ നടപ്പിലാക്കുന്നു. സ്പേസ് എക്സും ഐ എസ് ആർ ഓ യും ഒരുമിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചു എങ്കിലും നാസ മറ്റൊരു പ്ലാനും ആയിട്ടാണ് മുന്നോട്ടു പോയത്. ഹാളോകാസ്റ്റിന്റെ ഭാഗങ്ങളിൽ നിന്ന് ചിലത് ശേഖരിച്ചു കൊണ്ടുവന്ന് പ്ലാനറ്റ് നയനെ കുറിച്ച് അറിയാനാണ് അവർ പ്ലാൻ ചെയ്തത്. തങ്ങളുടെ ആദ്യപടി എന്നോണം ഐഎസ്ആർഒ പ്ലാൻ ചെയ്തത് ഭൂമിയിലെ അവരുടെ വിവിധ ഹമ്പുകളിൽ നിന്നുള്ള സന്ദേശത്തെ അഥവാ ഇൻഫ്രാ രംഗങ്ങളെ പ്രതിരോധിക്കുക എന്നുള്ളതായിരുന്നു. അതിൽ അവർ വിജയിക്കുകയും ചെയ്തു. പക്ഷേ പൊടുന്നനെ ഹോളോകാസ്റ്റ് ആകാശത്തുനിന്ന് അപ്രത്യക്ഷമാവുകയാണ് ചെയ്തത്. പക്ഷേ ആസാദിന്റെയും മകൻ

അർജുനനെയും അഭിപ്രായത്തിൽ തന്റെ വേഗത വർദ്ധിപ്പിച്ചു കൊണ്ട് ഒരു ഒളിച്ചുകളി നടത്തുകയായിരുന്നു അത്. അതു തിരിച്ചറിഞ്ഞ് അർജുൻ കമ്മ്യൂണിക്കേഷൻ തിരികെ കൊണ്ടുവരാൻ ആവശ്യപ്പെടുന്നു. കമ്മ്യൂണിക്കേഷൻ തിരികെ എത്തിച്ചപ്പോൾ ഹോളോകാസ്റ്റ് വീണ്ടും പ്രത്യക്ഷപ്പെടുന്നു. അവസരം മുതലാക്കി അതിനെ ഇല്ലാതാക്കാൻ ഐഎസ്ആർഒ ശ്രമിക്കുന്നു. കോൺവെക്സ് ലെൻസുകൾ ഘടിപ്പിച്ച സ്പേസ് വാഹനങ്ങൾ കൃത്യമായ സമയങ്ങളിൽ വിക്ഷേപിച്ചുകൊണ്ട് സൂര്യപ്രകാശത്തെ പ്രതിഫലിപ്പിച്ചുകൊണ്ട് പ്ലൂട്ടോണിയത്തിന്റെ അനുബന്ധമായുള്ള രാസത്വരകത്തിന്റെ മുകളിൽ മൂടിയിരുന്ന കവചം ഉരുക്കി മാറ്റുകയും അതിനെ ഉത്തേജിപ്പിക്കുകയും ചെയ്തു. വലിയ സ്ഫോടനത്തോടുകൂടി ആകാശം പ്രകാശപൂരിതമായി കുറച്ചു മിനിറ്റുകൾക്ക് ശേഷം ഉപഗ്രഹങ്ങളിൽ നിന്നും സ്ഫോടനം നടന്നതിന്റെ ചിത്രം അവർക്ക് ലഭിക്കുന്നു.

അതേസമയം ആദിയുടെ പകൽ സ്വപ്നങ്ങളിൽ പ്രീകൊഗ്നിറ്റീവ് മൈൻഡ് ആക്ടീവ് ആവുകയും 1347 എന്ന സംഖ്യ അവൻറെ മനസ്സിൽ തെളിയുകയും ചെയ്തു. ഞെട്ടി ഉണർന്ന അവൻ അത് അപ്പോൾ തന്നെ മെസ്സേജ് ആയി അച്ഛന് ഫോർവേഡ് ചെയ്യുന്നു.

മിഷൻ വിജയിച്ചതിനു ശേഷം വാട്സനുമായി സംസാരിക്കവേ അർജുൻ വാട്ട്സനോട് പറയുന്നുണ്ട് പ്ലാനറ്റ് 9 ആണ് നമ്മുടെ പുറകെ ഉള്ളത്. അതും നമ്മളെക്കാൾ ഒരുപാടു മുന്നിൽ ശാസ്ത്രത്തെ അറിഞ്ഞവർ. ഒരു ഹോളോകാസ്റ്റ് നശിച്ചു എന്നല്ലാതെ അവരുടെ യുദ്ധം ഏത് രീതിയിൽ എവിടെ എങ്ങനെ ഉണ്ടാകും എന്ന് പറയാനാകില്ല. അതുകൊണ്ട് പ്ലാനറ്റ് 9 നെ അറിയാനുള്ള ഒരേ ഒരു വഴി ഡി എൻ എ യുടെ ഡീ കോഡിങ് ആണ്. അത് അനീറ്റയും ടീമും കിണഞ്ഞ് ശ്രമിക്കുന്നുണ്ട്. അതേസമയം അനീറ്റയുടെ ഒരു കോൾ അർജുൻറെ മൊബൈലിലേക്ക് വരുന്നു. ഡീ കോഡിങ് വിജയിച്ചതായും അവരുടെ സന്ദേശം വായിച്ചെടുക്കാൻ കഴിഞ്ഞതായും അനീറ്റ പറയുന്നു. ആദ്യ ഡിഎൻഎയുടെ ഡീക്കോഡിങ്ങിൽ അവർക്ക് കിട്ടിയ സന്ദേശം ഇതായിരുന്നു 1347. അർജുൻ അക്ഷരാർത്ഥത്തിൽ ഞെട്ടുകയാണ്. ഇതേ കാര്യം തന്നെയാണ് ആദിയും പറഞ്ഞത്. ഇതിൻറെ സൂചന എന്താണ് എന്ന് അനീറ്റ ചോദിക്കുമ്പോൾ 1347ൽ ലോക ജനസംഖ്യയെ പകുതിയായി കുറച്ച പ്ലേഗ് എന്ന ബ്ലാക്ക് ഡിസീസ്. അതിന്റെ സൂചനയാണ് ഇത്. അതായത് ഏതോ ഒരു പാൻഡമിക് നമ്മളെ ബാധിച്ചു അല്ലെങ്കിൽ ബാധിക്കാൻ പോകുന്നു എന്നതാണ് ആ സന്ദേശം. ഒരുപക്ഷേ അത് കോവിഡ് 19 ആകാം കാരണം മ്യൂട്ടേഷനു വിധേയമായി ആ വൈറസ് പല രീതിയിൽ മാറിയത് നമ്മൾ കണ്ടതാണ്. അപ്പോൾ അതുൾപ്പെടെ ഭൂമിയെ ബാധിച്ച പലതും പ്ലാനറ്റ് 9 ന്റെ സംഭാവനയാണ് എന്നു സാരം. അപ്പോൾ ഇനി ഉണ്ടാകാൻ പോകുന്നത് ഒരു ബയോ കോസ്മിക് വാർ ആണെന്ന് അർജുൻ ഞെട്ടലോടെ മനസ്സിലാക്കുന്നു. പക്ഷേ അദ്ദേഹത്തെ അലോസരപ്പെടുത്തുന്ന മറ്റൊരു ചിന്ത ആദിയെക്കുറിച്ചായിരുന്നു. അനാമികയുടെ തുറന്നുപറച്ചിലിൽ അവർ സൂചിപ്പിച്ചിരുന്ന കാര്യം തൻറെ ഐക്യു ഈ ക്യു ലെവൽ വല്ലാതെ വർധിച്ചിരുന്നു, അത്രയും ആക്ടീവ് ആയിരുന്നു എന്നതാണ്. ഇതുതന്നെയാണ്

ആദിയിലും ഉള്ളത്. മാത്രമല്ല അവൻറെ ഈ പ്രവചന സ്വഭാവത്തോടു കൂടിയുള്ള സ്വപ്നങ്ങൾ അത് പ്ലാനറ്റ് 9 നുമായിബന്ധമുണ്ട് എന്ന് അർജുൻ സംശയിച്ചു പോകുന്നു. ഈ രണ്ട് പ്രതിസന്ധികളിൽ വച്ചാണ് നോവൽ അവസാനിക്കുന്നത്.

എഴുത്തുകാരിയുടെ നിരീക്ഷണ പ്രകാരം ശാസ്ത്രം കണ്ടെത്താൻ ശ്രമിക്കുന്ന എന്നാൽ ഇതുവരെയും ചുരുൾ അഴിഞ്ഞു കിട്ടാത്ത പലതിന്റെയും രഹസ്യം ഒരുപക്ഷേ ഏലിയൻസിന്റെ സാന്നിധ്യമാണ് എന്നതാണ്. യു എഫ് ഓ കളുടെ സാന്നിധ്യവും വിചിത്ര രൂപങ്ങൾ പാടങ്ങളിൽ വരച്ചിട്ടതും ബർമുഡ ട്രയാങ്കിളിന്റെ നിഗൂഢതയും തുടങ്ങി മനുഷ്യനെ വിഭ്രമിപ്പിച്ച പലതും ; അവന് ഇതുവരെ ഉത്തരം കണ്ടെത്താത്ത പലതും ഒരുപക്ഷേ അതിഥികളായി വന്നു പോയ്ക്കൊണ്ടിരിക്കുന്ന തങ്ങളുടെ സാന്നിധ്യം അറിയിച്ചു കൊണ്ടിരിക്കുന്ന അന്യഗ്രഹ ജീവികളുടെതാകാം.

ഒരു ശാസ്ത്ര നോവലിന് വേണ്ട പ്രധാന ഗുണം ശാസ്ത്രത്തെ അതിൻറെ നല്ല വശങ്ങളെ അല്ലെങ്കിൽ അതിൻറെ പ്രശ്നങ്ങളെ വായനക്കാരുടെ മുന്നിൽ ഫലപ്രദമായി എത്തിക്കുക എന്നുള്ളതാണ്. ശാസ്ത്ര തത്വങ്ങൾ പലതും കൂടുതൽ അറിയുവാനുള്ള ആഗ്രഹം മനസ്സിൽ ഉണ്ടാക്കുക എന്നുള്ളതാണ്. ചർച്ചകളിലൂടെയാണ് നോവൽ പുരോഗമിക്കുന്നത് എങ്കിലും വായനക്കാർക്ക് കൂടി മനസ്സിലാകുന്നതലത്തിൽ എന്നാൽ ശാസ്ത്രജ്ഞന്മാരുടെ അറിവിൻറെ തലത്തിൽ നിന്നുകൊണ്ടും ശാസ്ത്രകാര്യങ്ങളിൽ വിശദീകരിക്കുന്നതിൽ ഗ്രന്ഥകാരി വിജയിച്ചിട്ടുണ്ട്

മലയാളത്തിലെ ആദ്യ ശാസ്ത്ര നോവൽ എന്ന ഒരു വസ്തുത ഈ നോവൽ മുന്നോട്ടുവയ്ക്കുന്നുണ്ട്. പക്ഷേ 20 ലധികം മലയാള ശാസ്ത്ര നോവലുകൾക്കു ശേഷമാണ് ഈയൊരു നോവലിൻറെ സ്ഥാനം എന്നുകൂടി ഓർക്കേണ്ടതുണ്ട്. പ്രൗഢശാസ്ത്ര നോവലുകൾ എന്ന് വിളിക്കാവുന്ന തരത്തിൽ മലയാളത്തിൽ ശാസ്ത്ര നോവലുകൾ ഉദയം ചെയ്തിട്ടുണ്ട്. ഇപ്പോഴും അത് വളർന്നുകൊണ്ടിരിക്കുന്നു അതിൻറെ കൂടെ പ്ലാനറ്റ് 9 എന്ന ഈ നോവൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ശാസ്ത്ര കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോൾ വായനക്കാരുടെ ആസ്വാദ്യതയ്ക്ക് കോട്ടം തട്ടാത്ത വിധം അതിന് നോവലിൻറെ ചട്ടക്കൂടി ഉൾപ്പെടുത്തിയിരിക്കുന്നു എന്നത് ഈ നോവലിന്റെ പ്രത്യേകതയാണ്. എന്നിരുന്നാൽ തന്നെയും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന പല ശാസ്ത്ര തത്വങ്ങൾക്കും നോവലിന് പുറമേ നിന്നൊരു വിശദീകരണം കൊടുത്തിട്ടില്ല. അതൊരു പക്ഷേ വായനക്കാരുടെ അധ്വാനത്തിന് വിട്ടുകൊടുത്തതാകാം. നിലവിലുള്ള ശാസ്ത്ര വിദ്യയിൽ നിന്ന് അതിൻറെ സാധ്യതകളെ കണ്ടെത്തി മുന്നേറുക എന്നുള്ളതാണ് ശാസ്ത്രത്തിൻറെ വളർച്ചയുടെ പടവുകൾ. ഇതേ സാധ്യതയെ മുൻനിർത്തിയാണ് ശാസ്ത്ര സാഹിത്യവും ഉടലെടുക്കുന്നത്. ഇവിടെ മനുഷ്യപ്രജ്ഞയെ വെല്ലുവിളിച്ചുകൊണ്ട് ഭൂമിയിൽ നിലനിൽക്കുന്ന പല പ്രതിഭാസങ്ങൾക്കും ഒറ്റവാക്കിൽ ഉത്തരം കണ്ടെത്തുവാൻ ശ്രമിക്കുകയാണ് എഴുത്തുകാരി. ഏലിയൻസ് എന്നുള്ള ആ ഉത്തരത്തിൽ ഒരു സാധ്യത നിലവിലുണ്ടുതാനും. എന്നാൽ അതിനു തക്കവിധം കൃത്യമായ തെളിവുകളുടെ

അടിസ്ഥാനത്തിൽ ഇതുവരെയും ശാസ്ത്രലോകം ഈ പ്രതിഭാസത്തെ വിശദീകരിച്ചിട്ടില്ല. എന്നാൽ തള്ളിക്കളഞ്ഞിട്ടുമില്ല. സ്റ്റീഫൻ ഹോക്കിങ്സിന്റെ അത്തരത്തിൽ ഒരു പാരലൽ യൂണിവേഴ്സിൽ ഉണ്ടായേക്കാവുന്ന ഏലിയൻസിനെ നമ്മളായിട്ട് ക്ഷണിച്ചു വരുത്തരുത്. അത് നമ്മുടെ നാശത്തിലേക്ക് നയിച്ചേക്കാം എന്നുള്ള മുന്നറിയിപ്പു കൂടി ചേർത്തു വായിക്കുമ്പോഴാണ് ഈ നോവലിൻറെ കാതൽ മനസ്സിലാകുകയുള്ളൂ. കാരണം ശാസ്ത്രത്തിൻറെ സാധ്യതകളെ വിലയിരുത്തിക്കൊണ്ട് ഒരു ഫിക്ഷൻ രചിക്കുമ്പോൾ അത് ശാസ്ത്രത്തിൻറെ നന്മയെയും തിന്മയെയും വെളിപ്പെടുത്തുന്നതാകാം. അതിൻറെ സത്ഫലങ്ങളെ അല്ലെങ്കിൽ ദുഷഫലങ്ങളെ വായനക്കാർക്ക് മുന്നിൽ അവതരിപ്പിക്കുന്നതാകാം. വൈദേശിക ശാസ്ത്ര നോവലുകൾ കൈകാര്യം ചെയ്തിട്ടുള്ള ഏലിയൻ ശാസ്ത്രനോവലുകൾ എന്ന ഈ വിഭാഗം മലയാളത്തിലും ഇതിനുമുമ്പ് വന്നിട്ടുണ്ട്. എന്നാൽ നമ്മുടെ ചിന്തകളും പ്രവർത്തികളും മറ്റൊരു നാഗരികത ഹാക്ക് ചെയ്തിട്ടുണ്ട് എന്ന കണ്ടെത്തൽ മലയാള നോവലിൽ ഇത് ആദ്യമായിട്ടാണ്. എന്നാൽ ഇത്തരം കാര്യങ്ങൾ ശാസ്ത്രലോകം പലപ്പോഴും ചർച്ച ചെയ്തിട്ടുണ്ട്. ചുരുക്കത്തിൽ ഒരു പുതുമയുള്ള എന്നാൽ നിലവിലുള്ള സാഹചര്യങ്ങളെ അടിസ്ഥാനപ്പെടുത്തി ഒതുക്കത്തോടുകൂടി ഒരു നോവൽ നമുക്കു മുന്നിൽ സമർപ്പിച്ചിരിക്കുകയാണ് എഴുത്തുകാരി.